DISTRICT INSTITUTE OF EDUCATION AND TRAINING DIET PALAKKAD - ANAKKARA

SAMAGRA SHIKSHA KERALA

# INTERBELL STUDENT SUPPORT MATERIAL
## *A JOINT VENTURE OF DIET PALAKKAD & SSK*

ഫസ്റ്റ് ബെൽ 2.0

3 സമസ്ഥിതിക്കായുള്ള രാസസന്ദേശങ്ങൾ



**STANDARD: 10**

**CLASS: 21**

## ജീവശാസ്ത്രം

**DATE: 03-09-2021**

1) പദജോഡി ബന്ധം തിരിച്ചറിഞ്ഞ് വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

a) സിവറ്റോൺ : വെരുക്

b) ...................... : പെൺ പട്ടുനൂൽശലഭം

2) ചില രാസവസ്തുക്കൾ ഉപയോഗിച്ചുള്ള രാസ സന്ദേശങ്ങൾ വഴിയാണ് തേനീച്ചയും ചിതലുകളും കോളനികളായി ജീവിക്കുന്നത്.

a) ഏതാണ് ഈ രാസവസ്തുക്കൾ?

b) ഈ രാസവസ്തുക്കളുടെ മറ്റു ഉപയോഗങ്ങൾ എന്തെല്ലാം?

c) ഇത്തരം രാസവസ്തുക്കൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

3) കൃത്രിമ ഫിറോമോണുകൾ കാർഷികമേഖലയെ സഹായിക്കുന്നതെങ്ങനെ?

4) നിശ്ചിത പാതയിലൂടെ ഉറുമ്പുകൾ വരിവരിയായി സഞ്ചരിക്കുന്നു. എങ്ങനെയാണ് ഇത് സാധ്യമാകുന്നത്?

5) ചുവടെ തന്നിരിക്കുന്ന വാക്കുകളുപയോഗിച്ച് ചിത്രീകരണം പൂർത്തിയാക്കുക.

അബ്സെസിക് ആസിഡ്, അഗ്രമുകുളങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നു, ജിബ്ബർലിൻ, ഓക്സിൻ, വിത്തിലെ സംഭൃതാഹാരത്തെ വിഘടിപ്പിക്കുന്നു, എഥിലിൻ, കോശവൈവിധ്യവത്കരണം, പാകമായ ഇലകളും പഴങ്ങളും പൊഴിയാൻ സഹായിക്കുന്നു,സൈറ്റോകിനിൻ, പഴങ്ങൾ പഴുക്കാൻ സഹായിക്കുന്നു.



6)സസ്യങ്ങളിലെ ജീവൽപ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യപ്പെടുന്നതെങ്ങനെ?

7) ഫിറോമോണുകളും ഹോർമോണുകളും തമ്മിലുള്ള വ്യത്യാസമെന്ത്?

8) ഉചിതമായ തലക്കെട്ടു നൽകി താഴെ തന്നിട്ടുള്ള വാക്കുകളെ പട്ടികപ്പെടുത്തുക.

സിവറ്റോൺ, ഓക്സിൻ, ബോംബിക്കോൾ, ഇൻസുലിൻ, എഥിലിൻ, പ്രൊലാക്ടിൻ.

| | |
|---|---|
| . | . |
| . | . |

9) താഴെ തന്നിട്ടുള്ള പ്രസ്താവനകളിൽ ഫിറോമോണുമായി ബന്ധപ്പെട്ടവ കണ്ടെത്തി എഴുതുക.

a) ആശയവിനിമയത്തിനായി ശരീരത്തിനുള്ളിൽ സ്രവിക്കുന്ന രാസവസ്തുക്കളാണ് ഫിറോമോണുകൾ.
b) ഇണകളെ ആകർഷിക്കുന്നതിനും സഞ്ചാരപാത നിർണയിക്കുന്നതിനും മറ്റുമുള്ള സന്ദേശമാണിത്.
c) വെരുകിലെ കസ്തൂരി ഒരു ഫിറോമോൺ ആണ്.
d) പെൺപട്ടുനൂൽപ്പുഴു സ്രവിക്കുന്ന ഫിറോമോൺ ആണ് ബോംബികോൾ.

10) കൃത്രിമ സസ്യഹോർമോണുകളും അവയുടെ പ്രവർത്തനങ്ങളും താഴെ തന്നിരിക്കുന്നു. അവ ശരിയായ രീതിയിൽ യോജിപ്പിക്കുക.

| ഹോർമോണുകൾ | ധർമ്മം |
| --- | --- |
| എഥിഫോൺ | മുന്തിരി, ആപ്പിൾ മുതലായ ഫലങ്ങളുടെ വലുപ്പം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. |
| ഓക്സിൻ | റബ്ബറിൽ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നു. |
| എഥിലിൻ | പഴവർഗസസ്യങ്ങളിൽ ഒരേസമയം വിളവെടുപ്പ് നടത്താൻ സഹായിക്കുന്നു. |
| ജിബ്ബർലിൻ | പൈനാപ്പിൾ ചെടിയിൽ ഒരേസമയം പുഷ്പിക്കാനും പഴങ്ങൾ പഴുപ്പിക്കാനും സഹായിക്കുന്നു. |
| അബ്സെസിക് ആസിഡ് | വേരുകൾ മുളപ്പിക്കാൻ സഹായിക്കുന്നു. |

10 ജീവശാസ്ത്രം ഓൺലൈൻ ക്ലാസ്സ് -21 വീണ്ടും കാണുവാൻ
താഴെ കാണുന്ന ചിത്രത്തിൽ ക്ലിക്ക് ചെയ്യുക.




KITE VICTERS STD-10 ജീവശാസ്ത്രം ഓൺലൈൻ ക്ലാസ്സ് - 21